**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 408** **23-02-2022 - ൽ മറുപടിയ്ക്ക്**

**ഗോവിന്ദ പൈ സ്മാരക കോളേജിൽ നടപ്പിലാക്കുന്ന കിഫ്ബി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്റഫ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം ഗോവിന്ദ പൈ സ്മാരക സർക്കാർ കോളേജിൽ നടപ്പിലാക്കുന്ന കിഫ്ബി പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | 2017-18-ലെ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് മഞ്ചേശ്വരം ഗോവിന്ദ പൈ സ്മാരക സർക്കാർ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനു കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്നതിനായി സമർപ്പിക്കപ്പെട്ട വിശദമായ പദ്ധതി രേഖ പ്രകാരം ഗ്രൗണ്ട് ഫ്ലോർ ഉൾപ്പെടെ ഇരു നിലകളിലായുള്ള ലൈബ്രറി ബ്ലോക്ക്, ഗ്രൗണ്ട് ഫ്ലോർ ഉൾപ്പെടെ മൂന്നു നിലകളിലായുള്ള ലേഡീസ് ഹോസ്റ്റൽ, Sump, സെപ്റ്റിക് ടാങ്ക് എന്നിവ ഒന്നാം ഘട്ടമായി ഉൾപ്പെടുത്തിക്കൊണ്ട് 12-02-2020-ലെ HED 007-27/APR-4/2020/KIIFB നമ്പർ നടപടിക്രമ പ്രകാരം ആകെ 4.86 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | നിലവിൽ പ്രസ്തുത പദ്ധതി നിർവ്വഹണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | ടി പ്രവൃത്തിയ്ക്ക് കിഫ്ബി ധനാനുമതി നൽകിയിരുന്നുവെങ്കിലും DSR നിരക്കിലുണ്ടായ മാറ്റത്തിനനുസരിച്ച് DSR 2018 പ്രകാരമുള്ള എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള നടപടികൾ പദ്ധതി നിർവ്വഹണ ഏജൻസിയായ കെ.എസ്.ഐ.റ്റി.ഐ.എൽ സ്വീകരിച്ചുവരുന്നു. |
| (സി) | പദ്ധതിയുടെ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ? | (സി) | പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിക്കപ്പെടുന്ന മുറയ്ക്ക് പരിശോധിച്ച ശേഷം, നിലവിലെ ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി തൃപ്തികരമാകുന്ന പക്ഷം ആയതിന് അംഗീകാരം നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ